"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ മുഹമ്മദ് മുസ്തഫ കെ. സർവ്വീസിൽ നിന്ന് വിട്ടുനിന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1338/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/07/2020

---

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീ മുഹമ്മദ് മുസ്തഫ കെ. യുടെ 03.08.2019ലെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 27.08.2019 ലെ ഇ6-220/19 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ മുഹമ്മദ് മുസ്തഫ സർവ്വീസിൽ നിന്ന് വിട്ടുനിന്ന 07.10.2014 മുതൽ 31.12.2016 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

2. 09.07.2009 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ മുഹമ്മദ് മുസ്തഫ കെ. യ്ക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് സ്വമേധയാ തയ്യാറെടുക്കുന്നതിനായി 07.10.2014 മുതൽ 31.12.2016 വരേക്ക് ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാന് 07.10.2014 മുതൽ 03.02.2015 വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച അവധി റദ്ദാക്കിയിട്ടുണ്ട്. അനുമതിയില്ലാതെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിന് ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് തീർപ്പാക്കിയിട്ടുണ്ട്. ടിയന് 31.12.2016 AN ന് തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ മുഹമ്മദ് മുസ്തഫ സർവ്വീസിൽ നിന്ന് വിട്ടുനിന്ന 07.10.2014 മുതൽ 31.12.2016 വരെ ടി കാലയളവ് ഇൻക്രമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ഏലംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ മുഹമ്മദ് മുസ്തഫ, ക്ലാർക്ക്, ഏലംകുളം ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(22.02.2020 ലെ ഡെവ 1/268/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(486/ഇപിഎ1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ